## പാഠം 1

## (കൃപ)

# ആദിയിൽ

*വേദഭാഗം: ഉല്പ. 1, Patriarchs & Prophets, p. 44, Steps to Christ pp. 9-15.*

***മനഃപാഠവാക്യം: "താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി. അത് എത്രയും നല്ലത് എന്നു കണ്ടു" (ഉല്പ. 1:31).***

**സന്ദേശം**

**ദൈവം ഒരു അതിശയകരമായ ലോകം ഉണ്ടാക്കിയതിനു കാരണം അവൻ എന്നെ സ്നേഹിക്കുന്നതുകൊണ്ടാണ്.**

*(നിങ്ങൾ എപ്പോഴെങ്കിലും ഒരു മൃഗത്തിന്റെ നല്ല ചിത്രം വരച്ചിട്ട് അതേക്കുറിച്ച് മതിപ്പ് തോന്നിയിട്ടുണ്ടോ? ദൈവം യഥാർത്ഥമായ ജീവനുള്ള മൃഗങ്ങളെയും കൂടാതെ തികച്ചും പുതിയ ഒരു ലോകവും സൃഷ്ടിച്ചു – കൂടാതെ അത് വളരെ നല്ലതായിരുന്നു).*

ഒരു ദിവസം ദൈവം തികച്ചും പുതിയ ഒരു ലോകം സൃഷ്ടിക്കുവാൻ തീരുമാനിച്ചു. അവനൊരു അതിശയകരമായ പദ്ധതി ഉണ്ടായിരുന്നു. അന്ധകാരവും വെള്ളവും നിറഞ്ഞ ഒരു ലോകം അവൻ കണ്ടു. അവിടെ അത്ര അന്ധകാരമായതുകൊണ്ട് ഒന്നും കാണാൻ കഴിഞ്ഞില്ല, കൂടാതെ വെള്ളത്തിന്റേതല്ലാതെ മറ്റൊന്നിന്റെയും ശബ്ദം ഇല്ലായിരുന്നു.



അപ്പോൾ ദൈവം സംസാരിച്ചു. "വെളിച്ചമുണ്ടാകട്ടെ," അവൻ പറഞ്ഞു. അപ്പോൾ വെളിച്ചമുണ്ടായി! ദൈവം വെളിച്ചത്തെയും ഇരുട്ടിനെയും വേർപെടുത്തി. വെളിച്ചത്തെ അവൻ ദിവസമെന്ന് വിളിച്ചു. അന്ധകാരത്തെ അവൻ രാത്രി എന്ന് വിളിച്ചു. കൂടാതെ അതായിരുന്നു നമ്മുടെ ലോകത്തിന്റെ ആദ്യ ദിവസത്തിന്റെ അന്ത്യം. മാത്രമല്ല ദൈവം പറഞ്ഞു "നല്ലത്".

രണ്ടാം ദിവസം ദൈവം വായുവും മനോഹരമായ നിലവിതാനവും ഉണ്ടാക്കി അത് ഭൂമിയെ ചുറ്റി. കൂടാതെ സന്ധ്യയായി ഉഷസ്സുമായി രണ്ടാം ദിവസം.

അടുത്ത ദിവസം ദൈവം പറഞ്ഞു, "ആകാശത്തിൻ കീഴുള്ള വെള്ളം ഒരു സ്ഥലത്തു കൂടട്ട; ഉണങ്ങിയ നിലം കാണട്ടെ." ഉടനെ ചില സ്ഥലങ്ങളിൽ വെള്ളം ഒരുമിച്ച് കൂടി, മാത്രവുമല്ല ഉണങ്ങിയ നിലം പ്രത്യക്ഷപ്പെട്ടു. ഉണങ്ങിയ നിലത്തിനു ദൈവം "ഭൂമി" എന്നും വെള്ളത്തിന്റെ കൂട്ടത്തിനു സമുദ്രം എന്നും പേരിട്ടു.

എന്നാൽ ഈ ദിവസം കൂടുതൽ വേല ചെയ്യുവാനുണ്ടായിരുന്നു. ദൈവം വീണ്ടും കല്പിച്ചു, ഭൂമിയിൽനിന്ന് പുല്ലു വിത്തുള്ള സസ്യങ്ങളും ഉണ്ടാകട്ടെ. ചുവപ്പും, ഓറഞ്ചും, പീതവും, മഞ്ഞയുമായ പൂക്കൾ ഇളംകാറ്റിൽ തലയാട്ടി. ചെടികളിലും മരങ്ങളിലും ഭക്ഷിപ്പാനുള്ള രുചിയുള്ള ഫലങ്ങൾ ഉണ്ടായി. 3-ാം നാൾ ഭൂമിക്കു മീതെ ഇരുട്ടു പരക്കുന്നതിനു മുമ്പ്, ദൈവം ഈ മനോഹരവും രുചിയുള്ളതുമായ കാര്യങ്ങൾ നോക്കി. അവൻ കണ്ടത് അവന് ഇഷ്ടപ്പെട്ടു "നല്ലത്" അവൻ പറഞ്ഞു.

അടുത്ത ദിവസം ദൈവം പറഞ്ഞു "ആകാശത്തിൽ വെളിച്ചങ്ങൾ ഉണ്ടാകട്ടെ!" അങ്ങനെ സംഭവിച്ചു. പുതിയ സൂര്യൻ പകൽ നേരം ഭൂമിക്കു ചൂടു നൽകി, അന്ന് രാത്രിയിൽ ചന്ദ്രൻ തന്റെ കിരണങ്ങൾ ശാന്തമായ കടലിനു മീതെ പൊഴിച്ചു. കോടാനുകോടി ചെറിയ നക്ഷത്രങ്ങൾ രാത്രിയിൽ ആകാശത്തിൽ മിന്നി. കൂടാതെ എന്നു ദൈവം പറഞ്ഞു "നല്ലത്".

ഭൂമി മനോഹരമായിരുന്നെങ്കിലും, അത് ഇപ്പോഴും ഒരു നിശ്ശബ്ദമായ സ്ഥലമായിരുന്നു. എന്നാൽ അത് മാറാൻ പോകുകയായിരുന്നു! 5-ാം ദിവസം ദൈവം പിന്നെയും സംസാരിച്ചു. "വെള്ളം ജീവജാലങ്ങളാൽ നിറയട്ടെ," അവൻ പറഞ്ഞു, "കൂടാതെ ഭൂമിക്കു മീതെ പറവകൾ പറക്കട്ടെ."

ഡോൾഫിനുകളും തിമിംഗലങ്ങളും കടലിൽ വെള്ളം തെറിപ്പിച്ചു കളിച്ചു. തിളക്കമാർന്ന വർണ്ണ മത്സ്യങ്ങൾ അരുവികളിൽ നൃത്തമായി. കടലുകൾ നീന്തിത്തുടിക്കുന്ന ജീവികളാൽ നിറഞ്ഞു. എല്ലാ നിറങ്ങളിലും ഉള്ള കിളികൾ ചിലയ്ക്കുകയും കൂകുകയും ചലപില ശബ്ദങ്ങൾ ഉണ്ടാക്കുകയും ചെയ്തു. ദൈവം അവയെയെല്ലാം അനുഗ്രഹിച്ച് പറഞ്ഞു "നല്ലത്".

ഒരു പുതിയ ദിവസം പൊട്ടി വിടർന്നപ്പോൾ, ദൈവം വീണ്ടും സംസാരിച്ചു. ഇപ്രാവശ്യം അവൻ കരയിലുള്ള ജീവജാലങ്ങൾക്കായി വിളിച്ചു. ആനയും കാണ്ടാമൃഗവും പോലുള്ള വലിയ മൃഗങ്ങൾ ഭൂമിയിൽ നടന്നു, സിംഹങ്ങളും പുലികളും അവയുടെ വാലുകൾ ചുഴറ്റി. കങ്കാരുക്കളും മുയലുകളും ചാടിച്ചാടി നടന്നു. നായ്ക്കുട്ടികൾ കളിച്ചു കൂടാതെ കുതിരകൾ ചിനച്ചു.

ദൈവം അവൻ സൃഷ്ടിച്ച മനോഹരമായ ലോകത്തെ നോക്കി. അവൻ പുഞ്ചിരിച്ചു. എത്ര ജീവനുറ്റതും മനോഹരവുമായ ലോകം! പിന്നീട് അവൻ പറഞ്ഞു, "നല്ലത്" അത് അങ്ങനെയായിരുന്നു.

## ചെയ്യുക പറയുക

**ശബ്ബത്ത്**

സാധ്യമെങ്കിൽ പ്രകൃതിയിലെ ഒരു മനോഹരമായ സ്ഥലത്ത് കൊണ്ടുപോയി ശബ്ബത്ത് സ്കൂൾ പാഠങ്ങൾ പഠിക്കുക. വായിക്കുക "ആദിയിൽ...." മനഃപാഠവാക്യത്തെക്കുറിച്ച് സംസാരിച്ച് ഒരുമിച്ച് അത് പറയുക. എന്താണ് അതിന്റെ അർത്ഥം?

**ഞായർ**

പാഠത്തിന്റെ കഥ പറയുവാൻ കുട്ടിയോട് ആവശ്യപ്പെടുക. പിന്നീട് ചോദിക്കുക: ദൈവം ലോകത്തെ ഉണ്ടാക്കിയപ്പോൾ അവന് എന്ത് തോന്നിയിരിക്കാം? അവൻ ഉണ്ടാക്കിയ എല്ലാത്തിനെയും സംബന്ധിച്ച് അവൻ എന്താണ് പറഞ്ഞത്?

"ലണ്ടൻ ബ്രിഡ്ജ്"എന്ന പാട്ടിന്റെ ഈണത്തിൽ മനഃപാഠവാക്യം പാടുക. ശബ്ബത്ത് സ്കൂളിൽ ഉണ്ടാക്കിയ ദിവസത്തെ സൃഷ്ടികൾ ആരെങ്കിലുമായി പങ്കുവെക്കാൻ കുട്ടിയെ സഹായിക്കുക.

**തിങ്കൾ**

ഒരു പാത്രത്തിൽ പഞ്ഞിപ്പന്തുകൾ നനച്ച് അതിൽ വേഗത്തിൽ വളരുന്ന ഏതാനും വിത്തുകൾ പാകുക. (റാഡിഷ്, അൽഫാൽഫ കൂടാതെ ബീൻസ് എന്നിവ വേഗത്തിൽ വളരും) എല്ലാ ദിവസവും അവയിൽ വെള്ളം തളിച്ച് അവ എത്ര വേഗത്തിൽ വളരുന്നുണ്ടെന്ന് നോക്കുക. അതിനുപകരമായി ഒരു മധുരക്കിഴങ്ങോ ഒരു കാരറ്റിന്റെ മുകൾവശമോ വെള്ളത്തിൽ ഇട്ടുനോക്കുക. ആഴ്ചാവസാനത്തോടെ അവയിൽ എന്തെങ്കിലും മുളയ്ക്കാൻ തുടങ്ങും.

സാധനങ്ങൾ വളരാൻ സഹായിക്കുന്നതിനായി ദൈവത്തിന് നന്ദി പറയുക. മനഃപാഠവാക്യം ഒരുമിച്ച് പറയുക.

**ചൊവ്വ**

ഒരു ബലൂൺ വീർപ്പിച്ച് ഒരു നിറമുള്ള ചരട് കൊണ്ട് കെട്ടുക. ദൈവം എനിക്ക് ശ്വാസം തന്നു" എന്ന് അതിന്മേൽ എഴുതുക. വായു എന്ന ദാനത്തിന്റെ ഓർമ്മയ്ക്കായി ആ ബലൂൺ കുട്ടിയുടെ മുറിയിൽ വെക്കുക. നാം ശ്വസിക്കുന്ന വായുവിനായി ദൈവത്തിന് നന്ദി പറയുക. പ്രാർത്ഥനക്ക് ശേഷം, മനഃപാഠവാക്യം ഒരുമിച്ച് പറയുക.

**ബുധൻ**

നക്ഷത്രങ്ങളെ കാണാൻ രാത്രിയിൽ പുറത്ത് പോകുക. നിങ്ങൾക്ക് നക്ഷത്രങ്ങൾ കാണാൻ കഴിയുന്നില്ല എങ്കിൽ, ഒരു ടോർച്ചും ഒരു അരിപ്പ പാത്രവുമായി ഒരു ഇരുട്ടുള്ള മുറിയിലേക്ക് പോകുക. അരിപ്പപാത്രത്തിലേക്ക് ടോർച്ച് തെളിച്ച് ആകാശത്തിൽ നക്ഷത്രങ്ങളുടെ പ്രതീതി ഉണ്ടാക്കുക. നമുക്കായി ആകാശത്തിൽ ദൈവം വച്ച വെളിച്ചങ്ങൾക്കായി അവന് നന്ദി പറയുക.

**വ്യാഴം**

ഒരുമിച്ച് നടക്കാൻ പോയി നിങ്ങൾക്ക് എത്ര പൂക്കൾ (മരങ്ങൾ അല്ലെങ്കിൽ പക്ഷികൾ) കാണാന് കഴിയുമെന്ന് നോക്കുക. യുക്തമെങ്കിൽ, വെള്ളത്തിലിടുവൻ കുറച്ച് പൂക്കൾ പറിക്കുക. വളരുന്ന സാധനങ്ങൾക്കായി ദൈവത്തിന് നന്ദി പറയുക.

**വെള്ളി**

നിങ്ങളുടെ കുട്ടിയോട് ദൈവം ഉണ്ടാക്കിയിരിക്കുന്ന എന്തെങ്കിലുമായി ഭാവിക്കാൻ പറയുക. കൂടാതെ കുടുംബത്തിൽ അവശേഷിക്കുന്നവർ അത് എന്താണെന്ന് ഊഹിക്കട്ടെ. ഒരുമിച്ച് ഒരു സ്തുതിഗീതം പാടുക. പിന്നീട് ദൈവം ഉണ്ടാക്കിയ അതിശയകരമായ ലോകത്തിനായി അവന് നന്ദിപറയുക.